# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3559 26-06-2012-ൽ മറുപടിക്ക്

### നാളേക്കിത്തിരി ഊർജ്ജം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. എം.പി. വിൻസെൻറ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി. | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | 'നാളേക്കിത്തിരി ഊർജ്ജം' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗത്തിനും സംരക്ഷണത്തിനും വിദ്യാർത്ഥികളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കിക്കൊണ്ടുള്ള ഊർജ്ജ സംരക്ഷണ പദ്ധതിയാണ് 'നാളേയ്ക്കിത്തിരി ഊർജ്ജം.' 2011 ആഗസ്റ്റ് മാസം മുതൽ 2012 മേയ് മാസം വരെയായിരുന്നു ഈ പദ്ധതിയുടെ കാലാവധി. സംസ്ഥാനത്തെ 2400 സർക്കാർ, എയിഡഡ് സ്കൂളുകളിൽ നിന്നായി അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ള 1,24,000 കുട്ടികൾ പ്രസ്തുതപദ്ധതിയിൽ പങ്കാളികളാണ്.<br><br>ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചും അതിൻെറ പ്രാധാന്യത്തെക്കുറിച്ചും സ്കൂൾ വിദ്യാർത്ഥികളിലൂടെ |

സമൂഹത്തിൽ അവബോധം വളർത്തുകയും ഊർജ്ജ സംരക്ഷണം ഫലപ്രദമായി പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു വഴി ഏകദേശം 5 ശതമാനം ഊർജ്ജം ലാഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

| | | | |
|---|---|---|---|
| **(സി)** | എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കുമോ? | **(സി)** | എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ.**